പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2818

12.10.2011-ൽ മറുപടിയ്ക്ക്

## തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ആരംഭിച്ച സോഷ്യൽ ആഡിറ്റ് ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിച്ചത് ; | എ. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17(2) വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് അനിവാര്യമായതിനാൽ ഇതിലേയ്ക്കായി പ്രത്യേക ഗ്രാമസഭകൾ ചേർന്ന് വർഷം തോറും രണ്ടു തവണ സോഷ്യൽ ആഡിറ്റ് നടത്തുന്ന പ്രവർത്തനം എല്ലാ ജില്ലകളിലും നടന്നു വരുന്നതേയുള്ളൂ. |
| ബി. ഏതൊക്കെ പോരായ്മകളാണ് സോഷ്യൽ ആഡിറ്റിലൂടെ കണ്ടെത്താനായത് ;<br>സി. ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; | ബി. & സി. | തൊഴിലുറപ്പ് നിയമപ്രകാരം ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടത് ഗ്രാമപഞ്ചായത്തു തലത്തിലും അവിടെ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ തലത്തിലുമാണ്. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച വിവരമൊന്നും സർക്കാരിലേയ്ക്ക് ഇതു വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| ഡി. ഇനിയും സോഷ്യൽ ഓഡിറ്റ് നടത്താനുള്ള ജില്ലകളിലെ ആഡിറ്റിംഗ് എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | ഡി. | ആറ് മാസത്തിൽ ഒരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് തൊഴിലുറപ്പ് നിയമം തന്നെ അനുശാസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ